2026
JANUARY
31
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യയുടെ വെല്ലുവിളി

## നയപരവും പ്രവർത്തനപരവുമായ പരിഷ്കാരങ്ങളെന്ന് സാമ്പത്തിക സർവ്വേ

**ന്യൂഡൽഹി:** തുടർച്ചയായ ആഘാതങ്ങളുടെയും ഭൗമരാഷ്ട്രീയ സമ്മർദങ്ങളുടെയും ലോകത്ത് ഇന്ത്യയുടെ വെല്ലുവിളി കേവലം മികച്ച നയങ്ങൾ രൂപകൽപന ചെയ്യുന്നതിൽ മാത്രമല്ലെന്നും മറിച്ച് നിയമങ്ങളും പ്രോത്സാഹനങ്ങളും ഭരണപരമായ പ്രതികരണങ്ങളും ദേശീയ പ്രതിരോധശേഷിയെ സേവിക്കുന്നുവെന്ന് ഉറപ്പാക്കുന്നതും വെല്ലുവിളി നിറഞ്ഞതാണെന്നും കേന്ദ്ര ധന, കോർപ്പറേറ്റ് കാര്യ മന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ സമർപ്പിച്ച സാമ്പത്തിക സർവേ ചൂണ്ടിക്കാട്ടുന്നു

നയപരമായ പരിഷ്കാരങ്ങൾ പ്രധാനമാണ്. എന്നാൽ പ്രവർത്തനപരമായ പരിഷ്കാരങ്ങൾ അതിലേറെ പ്രധാനമാണ്. സർക്കാരും ജനങ്ങളും തമ്മിലെ ഇടപെടലുകളെ നിർണയിക്കുന്നത് പ്രവർത്തനങ്ങളാണ്. അതിനാൽ നയലക്ഷ്യങ്ങളുടെയും പരിഷ്കാരങ്ങളുടെയും വിജയപരാജയങ്ങളിൽ അവ വലിയ മാറ്റമുണ്ടാക്കുന്നു. സൂചനകൾ ഏറെ പ്രതീക്ഷാജനകമാണ്. കഴിഞ്ഞ വർഷം സംസ്ഥാനങ്ങൾ നടപ്പിലാക്കിയ നിയന്ത്രണ ലഘൂകരണ, ലളിതവൽക്കരണ നടപടികൾ ഏറെ പ്രതീക്ഷ നൽകുന്നു. കേവലം നിയന്ത്രണത്തിന് പകരം കാര്യങ്ങൾ എളുപ്പമാക്കി നൽകുന്ന സംവിധാനമായി മാറാൻ ഭരണകൂടത്തിന് കഴിയുമെന്ന് തെളിയിക്കുന്ന ഈ നടപടികൾ ഭരണസംവിധാനത്തിന് സ്വയം പുനർനിർമിക്കാനും നിയന്ത്രണങ്ങളിൽ നിന്ന് ശാക്തീകരണത്തിലേക്ക് അതിന്റെ ദൗത്യം പരിവർത്തനം ചെയ്യാനുമാകുമെന്ന ശുഭപ്രതീക്ഷയ്ക്ക് മതിയായ കാരണങ്ങൾ നൽകുന്നുവെന്നും സർവ്വേ



ചൂണ്ടിക്കാട്ടുന്നു.

കേന്ദ്ര സർക്കാറിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾക്കും മറ്റ് നയപരമായ സംരംഭങ്ങൾക്കുമൊപ്പം ഈ വെല്ലുവിളിയുടെ പ്രാധാന്യം മനസ്സിലാക്കി ഭരണകൂടം അതിനൊത്ത് ഉയരണമെന്നാണ് ഇത് സൂചിപ്പിക്കുന്നതെന്ന് സർവേ ചൂണ്ടിക്കാട്ടുന്നു.

വികസിത ഭാരതം, ആഗോള സ്വാധീനം എന്നിവ കൈവരിക്കുന്നതിന് ഭരണകൂടത്തിന്റെ ശേഷി, സമൂഹം, നിയന്ത്രണ ലഘൂകരണം എന്നീ മൂന്ന് ഘടകങ്ങളെ സാമ്പത്തിക സർവേ ഒരുമിച്ച് കൊണ്ടുവരുന്നു. ജനാധിപത്യത്തിൽ വികസനം നടപ്പാക്കാൻ അധികാരമുള്ളതും ആ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടതുമായ സംവിധാനം ആത്യന്തികമായി സർക്കാരാണെന്ന് സാമ്പത്തിക സർവേ പ്രസ്താവിക്കുന്നു. ആ ലക്ഷ്യം നിറവേറ്റാൻ സർക്കാർ പുതിയ കഴിവുകൾ ആർജിക്കുകയും നിലവിലെ ശേഷികൾ പരിഷ്കരിക്കുകയും തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കാൻ മാനസികമായി തയ്യാറെടുക്കുകയും വേണം. കാരണം ഇന്നത്തെ സാഹചര്യം മാറിയതും ശത്രുതാപരവുമാണ്. പഴയ നിയമങ്ങൾ ഇനി പ്രസക്തമല്ല, പുതിയ നിയമങ്ങൾ ഇതുവരെ നിലവിൽ വന്നിട്ടുമില്ല.

ഒന്നിലേറെ ആഗോള പ്രതിസന്ധികൾ ഒരേസമയം പൊട്ടിപ്പുറപ്പെടാൻ സാധ്യതയേറിയ ഈ സാഹചര്യത്തിൽ പുതുതായി രൂപപ്പെടുന്ന ലോകക്രമത്തെ വാർത്തെടുക്കുന്നതിൽ അർത്ഥപൂർണമായ പങ്കുവഹിക്കാൻ ഇന്ത്യയ്ക്ക് അവസരമുണ്ടെന്നും ഇതിനായി സ്വാതന്ത്ര്യാനന്തരം ഇതുവരെ ആവശ്യമായതിൽ ഏറ്റവും ചടുലതയും വഴക്കവും ലക്ഷ്യബോധവുമുള്ള ഒരു ഭരണസംവിധാനം സജ്ജമാക്കേണ്ടത് അനിവാര്യമാണെന്നും സാമ്പത്തിക സർവേ ഉയർത്തിക്കാട്ടുന്നു.

നാളത്തെ വലിയ നേട്ടങ്ങൾക്കായി ഇന്നത്തെ സുഖസൗകര്യങ്ങൾ ത്യജിക്കാൻ നാം തയ്യാറാകുമ്പോൾ രാജ്യത്തിന് വലിയ നേട്ടമുണ്ടാകുമെന്ന് സർവേ വ്യക്തമാക്കുന്നു. വരും വർഷങ്ങളിലെ നിക്ഷേപത്തെയും വിതരണ ശൃംഖലയെയും വളർച്ചാ സാധ്യതകളെയും സ്വാധീനിക്കുന്ന ഭൗമരാഷ്ട്രീയ പുനക്രമീകരണങ്ങളാൽ ആഗോള അന്തരീക്ഷം പുനർനിർമിക്കപ്പെടുകയാണ്. ഇന്നത്തെ ആഗോള മാറ്റങ്ങൾക്കിടെ ദൃശ്യമായ ഹ്രസ്വകാല സമ്മർദങ്ങൾക്ക് ഉടൻ പരിഹാരങ്ങൾ തേടുന്നതിന് പകരം പ്രതിരോധശേഷി കെട്ടിപ്പടുക്കാനും നിരന്തരം നവീകരിക്കാനും വികസിത് ഭാരത പാതയിൽ ഉറച്ചുനിൽക്കാനും ഇന്ത്യ തീരുമാനിക്കണമെന്നും സർവ്വേ ചൂണ്ടിക്കാട്ടുന്നു.

## മട്ടന്നൂരിൽ ഗ്ലോബൽ ഗോൾഡ് സിറ്റി; കിൻഫ്ര ധാരണാപത്രത്തിൽ ഒപ്പുവച്ചു

**തിരുവനന്തപുരം:** കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ഗ്ലോബൽ ഗോൾഡ് സിറ്റി (ജിജിസി) എന്ന പേരിൽ ഒരു സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റി സ്ഥാപിക്കുന്നതിനായി ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡുമായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കിൻഫ്ര) ധാരണാപത്രത്തിൽ ഒപ്പുവച്ചു.

സ്വർണത്തിന്റെ ശുദ്ധീകരണം മുതൽ വിപണനം വരെയുള്ള മുഴുവൻ വിപണി ശൃംഖലയെയും ഏകീകരിക്കുന്ന ഒരു സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റിയായാണ് ജിജിസി വിഭാവനം ചെയ്തിരിക്കുന്നത്. മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ കിൻഫ്ര ചെയർമാൻ സന്തോഷ് കോശി തോമസും ഗോൾഡ്സിക്ക പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ എസ്. തരുജും ധാരണാപത്രത്തിൽ ഒപ്പുവച്ചു.



# ഇന്ത്യ, ഇയു വ്യാപാരക്കരാറിന്റെ കരുത്തിൽ വിപണി

**മുംബൈ:** ഇന്ത്യയൂറോപ്യൻ യൂണിയൻ സ്വതന്ത്രവ്യാപാരക്കരാറിനെക്കുറിച്ചുള്ള ശുഭപ്രതീക്ഷകളുടെയും കരുത്തുറ്റ ആഗോള സൂചനകളുടെയും പിൻബലത്തിൽ സെൻസെക്സും നിഫ്റ്റിയും ഉയർന്ന തലത്തിൽ വ്യാപാരം പൂർത്തിയാക്കി. ഇന്ത്യൻ ഓഹരിവിപണി തുടർച്ചയായ രണ്ടാം ദിനമാണ് ശക്തമായ മുന്നേറ്റം നടത്തുന്നത്.

സെൻസെക്സ് 487.20 പോയിന്റ് (0.60%) 82,344.68ൽ വ്യാപാരം പൂർത്തിയാക്കി. വ്യാപാരത്തിനിടെ 646.49 പോയിൻറ് ഉയർന്ന് 82503ൽ വരെയെത്തിയതാണ്. നിഫ്റ്റി 167.35 പോയിന്റ് മുന്നേറി (0.66%) 25,342.75ലും ക്ലോസ് ചെയ്തു.

സെൻസെക്സിലെ 30 മുൻനിര കമ്പനികളിലൊന്നായ ഭാരത് ഇലക്ട്രോണിക്സിന്റെ മൂന്നാംപാദ സാമ്പത്തിക ഫലങ്ങൾ പുറത്തുവന്നതിനു പിന്നാലെ ഓഹരിവില ഒൻപത് ശതമാനത്തിനു മുകളിൽ കുതിച്ചുയർന്നു.

കമ്പനിയുടെ അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് 21 ശതമാനം വർധനയോടെ 1590 കോടി രൂപയിലെത്തി. വരുമാനം കഴിഞ്ഞ വർഷം ഇതേകാലയളവിനേക്കാൾ 24 ശതമാനം ഉയർന്ന് 7122 കോടി രൂപയിലെത്തി.

എഫ്ഐഐകളുടെ ഇന്ത്യ വിപണയിൽ നിന്നുള്ള പിന്മാറ്റം തുടരുകയാണ്. ചൊവ്വാഴ്ച 3068.49 കോടി രൂപയുടെ ഓഹരികളാണ് വിറ്റത്. അതേസമയം ഡൊമസ്റ്റിക് ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സ് നിക്ഷേപം ഉയർത്തുകയും ചെയ്തു. ചൊവ്വാഴ്ച 8999.71 കോടി രൂപയുടെ നിക്ഷേപം നടത്തി. തുടർച്ചയായ 15 ദിവസത്തെ വിൽപ്പനയ്ക്കുശേഷം എഫ്ഐഐകൾ ഇന്ത്യൻ വിപണിയിലേക്ക് ഇന്നലെ നിക്ഷേപകരായെത്തി. 480.26 കോടി രൂപയുടെ ഓഹരികളാണ് വാങ്ങിയത്.

ഇന്ത്യയൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാരക്കരാറിന്റെ പൂർത്തീകരണം നിക്ഷേപകരിൽ ആത്മവിശ്വാസമുണ്ടാക്കി. ഇയു-രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ കയറ്റുമതിയുടെ 99 ശതമാനത്തിനും തീരുവ കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യും. പകരം ഇയുവിൽനിന്ന് ഇറക്കുമതി ചെയ്യുന്ന 97 ശതമാനത്തിനും ഇന്ത്യ നികുതി ഇളവു നൽകും. ഏഷ്യൻ മാർക്കറ്റുകളിൽ ദക്ഷിണ കൊറിയയുടെ കോസ്പി, ജപ്പാൻറെ നിക്കീ, ഷാങ്ഹായ് എസ്എസ്ഇ കോമ്പോസിറ്റ്, ഹോങ്കോംഗിൻറെ ഹാംഗ്സെങ് സൂചികകൾ ഇന്നലെ ഉയർന്നാണ് ക്ലോസ് ചെയ്തത്.






# ഇന്നത്തെ പരിപാടി

**കൊച്ചി**

**കൊച്ചി ഐഎംഎ ഹൗസ് :** ഹെൽത്ത് കോൺക്ലേവ് രാവിലെ 10 മണിക്ക്.

**കാക്കനാട് സിവിൽ സ്റ്റേഷൻ :** അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ – സ്വകാര്യമേഖലയിലെ വിവിധ കമ്പനികളിലേക്ക് – അഭിമുഖം – രാവിലെ 11ന്.

**കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്റർ :** ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോ – രാവിലെ 10 മുതൽ.

**എറണാകുളം കലൂർ ഗോകുലം കൺവെൻഷൻ സെന്റർ :** ഇന്ത്യൻ ബിൽഡിംഗ് കോൺഗ്രസിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ദേശീയ സെമിനാർ – രാവിലെ 10ന്.

**കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്റർ :** ഇന്ത്യ ബോട്ട് ആൻഡ് മറൈൻ ഷോ – രാവിലെ 11 മണി മുതൽ രാത്രി 7 വരെ.

**ജിഎൻആർ ഹാൾ :** മഹാരാജാസ് കോളേജ് 150–ാം വാർഷികാഘോഷം – ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം പൂർവവിദ്യർഥിസംഗമം 'ദീദാർ 2026' – രാവിലെ 10ന്.

**എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ :** എറണാകുളം ഓർത്തഡോക്സ് ഗോസ്പെൽ കൺവെൻഷൻ – മെൽതോ 2026 – വൈകിട്ട് 6.40ന്.

**തൃപ്പൂണിത്തുറ**

**തൃപ്പൂണിത്തുറ സീതാറാം കലാമന്ദിർ :** പരമ്പരിക് സിൽക്ക് ആൻഡ് കോട്ടൺ എക്സ്പോ – രാവിലെ 10 മുതൽ.

**കോലഞ്ചേരി**

**നീറാംമുകൾ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് കത്തീഡ്രൽ :** പെരുന്നാൾ – മൈലാപ്പൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ മോർ ഒസ്താത്തിയോസ് ഐസക് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന – രാവിലെ 7ന്.

**കളമശ്ശേരി**

**കളമശ്ശേരി രാജഗിരി സ്കൂൾ സമുച്ചയം :** സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ കലോൽസവം – ചിലമ്പൊലി 2026 – ഉദ്ഘാടനം മന്ത്രി പി.രാജീവ് – രാവിലെ 10ന്.

**കൊച്ചിൻ യൂണിവേർസിറ്റി ഓഫ് സെയൻസ് ആൻഡ് ടെക്നോളജി :** കുസാറ്റ് ഇലക്ട്രോണിക്സ് അലുമ്നി വാർഷികം – ഉച്ചക്ക് 2.30ന്.

**അങ്കമാലി**

**ഫിസാറ്റ് എൻജിനിയറിങ് കോളേജ് :** കലോത്സവം – അരങ്ങ്– രാവിലെ 10

**നെടുമ്പാശ്ശേരി**

**നെടുമ്പാശ്ശേരി സിയൽ കൺവെൻഷൻ സെന്റർ :** കാർഗോ സമീറ്റ് – ഉദ്ഘാടനം രാവിലെ 9.30.

**പിറവം**

**പാമ്പാക്കുട എംടിഎം ഹയർ സെക്കൻഡറി സ്കൂൾ :** ഡിവൈഎഫ്ഐ പാമ്പാക്കുട മേഖലാ കമ്മിറ്റി നേതൃത്വത്തിൽ ടി എ അജീഷ് മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് – ഉദ്ഘാടനം കസ്റ്റംസ് അസി. കമീഷണർ എസ് എ മധു – രാവിലെ 8ന്.

**തൃപ്പൂണിത്തുറ**

**പെരിക്കാട് ശ്രീ മുത്തപ്പൻ ശ്രീ ഭദ്രകാളി ദേവി ക്ഷേത്രം :** നൃത്താർച്ചന – രാത്രി 8.30ന്.

# വയനാട് പുനരധിവാസം: 9 ലക്ഷം രൂപ കൈമാറി

**കൊച്ചി:** കേരളത്തിലെ ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രോഗ്രസീവ് ടെക്കീസ് വയനാട് മുണ്ടക്കൈ പുനരധിവാസ പദ്ധതിയിലേക്ക് സഹായമായി 9 ലക്ഷം രൂപയുടെ ചെക്ക് ജില്ലാ കളക്ടർ ജി പ്രിയങ്കയ്ക്ക് കൈമാറി.

സംഘടനയുടെ ട്രഷറർ മാഹിൻ ഷാ, യൂണിറ്റ് സെക്രട്ടറി വി.പി ഷിയാസ് മെമ്പർ നജീബ് എന്നിവർ ചേർന്നാണ് ജില്ലാ കളക്ടറുടെ ചേംബറിലെത്തി ചെക്ക് കൈമാറിയത്.

# ലോക ട്രെൻഡുകളും കേരളത്തിലെ ഫാഷൻ ഫ്യൂഷനും

weekend Life Style

**ഇ.വി.ആവണി**


കേരളത്തിലെ യുവജനത ഏറ്റവുമധികം പിന്തുടരാൻ ശ്രമിച്ച ഫാഷൻ രീതി എന്താണെന്ന് അറിയാമോ? മുൻപ് ഒരു ചടങ്ങിൽ പോകുമ്പോൾ മുണ്ടാണോ, സാരിയാണോ എന്നതായിരുന്നു ചർച്ചയെങ്കിൽ , ഇന്ന് ആ ചോദ്യം മാറി. പലതരത്തിൽ മോഡിഫൈ ചെയ്തിട്ടാണ് ഇപ്പോൾ സാരിയും ഇവിടെ നിർമ്മിക്കുന്നത്. ധരിക്കുന്ന വസ്ത്രത്തിന്റെ നിറവും, സംഘടിപ്പിച്ച പരിപാടിയുടെ ശൈലിയും തമ്മിൽ ചേരുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയതിനു ശേഷമേ ഒരു തിരുമാനം എടുക്കാറുള്ളൂ. കേരളത്തിലെ ഫാഷൻ മേഖല ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുകയും വളർന്നുക്കൊണ്ടിരിക്കുകയുമാണ്. സോഷ്യൽ മീഡിയയുടെ സ്വാധീനവും, വിദേശ ട്രെൻഡുകളോടുള്ള താൽപ്പര്യവുമാണ് കേരളത്തിലെ ഫാഷൻ മാറ്റങ്ങൾക്ക് പിന്നിൽ. പരമ്പരാഗത ശൈലിയും ആധുനിക സൗന്ദര്യശാസ്ത്രവും ഒത്തുചേരുന്ന ഫ്യൂഷൻ രീതികൾക്ക് ഇന്ന് വലിയ സ്വീകാര്യതയുണ്ട്. ലോകത്തിലെ പല സ്ഥലങ്ങളിലും ട്രെൻഡുകൾ മാറുന്നതിനനുസരിച്ച് അതേ മാറ്റങ്ങൾ കേരളത്തിലും എത്തുന്നതിന്റെ വേഗത മുൻകാലത്തേക്കാൾ വളരെ അധികമാണത്രേ! ഇപ്പോൾ ജെൻസി തലമുറകൾ ഏറ്റവും കൂടുതൽ സ്വാധീനിക്കപ്പെടുന്നതും അവർ പിന്തുടരാൻ ശ്രമിക്കുന്നതും കൊറിയൻ ഫാഷൻ രീതികളോടാണ്. ഇൻസ്റ്റാഗ്രാം റീൽസുകളും, ഒടിടി സീരീസുകളുടെ സ്വാധീനം കൊണ്ടും കേരളത്തിലെ ഫാഷൻ രംഗം മാറിക്കൊണ്ടിരിക്കുന്നതാണിപ്പോൾ കാണുന്നത്.

## ഒടിടിയും കെ–പോപ്പും മാറ്റുന്ന ട്രെൻഡുകൾ

മുൻപ് മലയാളത്തിലെ ചില സെലിബ്രേറ്റീസ് ധരിക്കുന്ന വസ്ത്രങ്ങൾ നമ്മളെ സ്വാധീനിക്കാറുള്ളതുപ്പോലെ തന്നെ പല വസ്ത്രങ്ങളും സിനിമാപേരുകളിൽ തന്നെ വിൽക്കുന്നതും കാണാറുണ്ടായിരുന്നു.



എന്നാൽ ഇപ്പോൾ ഒടിടി പ്ലാറ്റ്ഫോമുകളുടെ ഉപയോഗം കാരണം അന്യ ഭാഷാ സിനിമകളുടെയും, സീരീസുകളുടെയും സ്വാധീനത്താൽ നമ്മളുടെ വസ്ത്രരീതിയിലും, മനോഭാവത്തിലും വലിയൊരു മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന അഭിപ്രായങ്ങളും വരുന്നുണ്ട്. ആഗോള മാധ്യമങ്ങളും, കെ-പോപ്പ് കൾച്ചറുകളും കേരളത്തിലെ ഒരു വലിയ വിഭാഗം യുവത്വത്തെ പുതിയ ഫാഷൻ ആശയങ്ങളിലേക്ക് നയിക്കുന്നതായി കാണാൻ കഴിയുന്നുണ്ട്.



മിനിമലിസം, ഓവർസൈസ് ഡ്രസ്സുകൾ, ലിംഗഭേദമില്ലാത്ത, എല്ലാവർക്കും അനുയോജ്യമായ യൂണിസെക്സ് ഡ്രസ്സുകൾ എന്നിവയാണ് കൊറിയൻ ഫാഷൻ രീതികൾ. കെ-ഡ്രാമകളിലെ മിനിമലിസ്റ്റിക് ലുക്കുകൾ, കെ-പോപ്പ് സ്റ്റൈൽ ഓവർസൈസ് സ്ട്രീറ്റ്വെയർ, ഇന്റർനാഷണൽ സെലിബ്രിറ്റികളുടെ വസ്ത്രരീതികൾ, അന്താരാഷ്ട്ര ഫാഷൻ വീക്കുകൾ എന്നിവ ഫാഷൻ സങ്കൽപ്പങ്ങളെ മാറ്റുന്നതിൽ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. പണ്ട് 80 – 90 കളിലെ വലിയ ഒരു ട്രൻഡായിരുന്നു ബാഗ്ഗി ജീൻസും ക്രോപ്പ് ടോപ്പുകളെല്ലാം. പിന്നീട് അത് സ്കിന്നീ ജീൻസുകളിലേക്ക് പരിവർത്തനം ചെയ്യപെടുകയായിരുന്നു. കോവിഡ് 19 ലോക്ക്ഡോൺ കാലഘട്ടതിനു ശേഷം വീണ്ടും ബാഗ്ഗി ജീൻസും, ക്രോപ്പ് ടോപ്പുകളും, ഓവർസൈസ് ഡ്രസ്സുകളും ഒരു ട്രൻഡായിമാറിയിരിക്കുകയാണ്. സ്കിന്നീ ജീൻസ്സുകളേക്കാളും സുഖപ്രദവും കൂടാതെ ആധുനിക ജീവിതശൈലികൾക്ക് അനുയോജ്യമായ ഫിറ്റ്നസ്സുമാണ് ഇവ നൽകുന്നത് എന്ന കമന്റുകളുമുണ്ട്. .

## ടൂറിസത്തിന്റെ സ്വാധീനം

ഒട്ടനവധി ടൂറിസ്റ്റുകളാണ് ഒരോ വർഷവും കേരളത്തിലേക്ക് എത്തുന്നത്. അവരുടെ വസ്ത്രരീതികളെ കൗതുകത്തോടെയാണ് മലയാളികൾ കാണാറുണ്ടായിരുന്നത്. കേരളത്തിൽ വരുന്ന ഈ ടൂറിസ്റ്റുകളുടെ ഫാഷനുകളിലും നമ്മൾ സ്വാധീനിക്കപ്പെടാറുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന ടൂറിസ്റ്റുകളുടെ സ്റ്റൈലുകളും, സോഷ്യൽ മീഡിയയിൽ പടരുന്ന ട്രെൻഡുകളും പുതിയ ഫാഷനുകൾ സൃഷ്ടിക്കുന്നതിനു അവസരം ഒരുക്കുകയാണ്.

അതുപോലെ തന്നെ ഫാഷൻ നിർണയിക്കുന്ന മറ്റു പ്രധാന പ്ലാറ്റ്ഫോമുകളാണ് ഇൻസ്റ്റാഗ്രാം, യൂട്യൂബ്, പിൻട്രെസ്റ്റ് തുടങ്ങിയവ. ലോകത്ത് ഏതെങ്കിലും സ്ഥലത്ത് ഒരു ട്രെൻഡ് ഉയർന്നാൽ, ഏതാനം മണിക്കൂറുകൾക്കകം തന്നെ സോഷ്യൽ മീഡിയയിലൂടെ അത് കേരളത്തിലെ യുവജനതയിലേക്ക് എത്തുന്നുണ്ട്. ക്രോപ് ടോപ്സ് , ബാഗ്ഗി ജീൻസ്, ബാഗ്ഗി ടീഷർട്സ്, ബോംബർ ജാക്കറ്റ്സ് പോലുള്ള ഗ്ലോബൽ സ്റ്റൈലുകളും കേരളത്തിലേക്ക് എത്തിക്കാൻ സാധിച്ചു എന്നും പറയുന്നു. കേരളത്തിന്റെ വലിയ എൻആർഐ കമ്മ്യൂണിറ്റിയും ഗൾഫ്-വെസ്റ്റേൺ രാജ്യങ്ങളുമായുള്ള ബന്ധവും ഈ ഫ്യൂഷൻ മാറ്റത്തിനു വേഗത വർധിപ്പിക്കുന്നു.

മോഡസ്റ്റ് ഫാഷൻ, അറബിക് അബായാ സ്റ്റൈലുകൾ, പാർട്ടി വിയർ, സീക്വിൻ-സാറ്റിൻ ട്രെൻഡുകൾ എന്നിവ എല്ലാം കേരളത്തിലേക്ക് എത്തിക്കുകയും, അതുപോലെ വിദേശികളുടെയും ടൂറിസ്റ്റുകളുടെയും വരവ് ബോഹോ, റിസോർട്ട് വെയർ പോലുള്ള സ്റ്റൈലുകൾ പ്രാദേശിക വിപണിയെ അനുകൂലമായി സ്വാധീനിക്കുന്നു. ടൂറിസ്റ്റുകൾ ഇവിടെ കൊണ്ടുവരുന്ന ഫാഷനുകളും, അവർ കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കുന്ന പരമ്പരാഗത വസ്ത്രങ്ങളും കൂട്ടിച്ചേർത്ത് വ്യത്യസ്തമായി അവരുടെ രീതിയിലുള്ള ഇടപെടലുകൾ കൊണ്ട് പുതിയ ഫ്യൂഷൻ ശൈലികൾക്ക് വഴിയൊരുക്കാന്നും സഹായിക്കുന്നുണ്ടത്രേ.

## ഫ്യൂഷൻ ഫാഷന്റെ വളർച്ച

കേരളത്തിലെ പരമ്പരാഗത വസ്ത്രങ്ങളായ സാരിയും, മുണ്ടിലുമെല്ലാം പുതിയ ട്രെൻഡുകൾ കൊണ്ടുവരാൻ കഴിയുമെന്ന് പലരും ചിന്തിച്ചിട്ടുണ്ടാവണമെന്നില്ല. പല നടികളും നടൻമാരും അന്താരാഷ്ട്ര വേദികളിൽ ധരിക്കുന്ന വസ്ത്രങ്ങൾ ശ്രദ്ധിച്ചുകാ



ണും. സാരിയിലും, മുണ്ടിലുമെല്ലാം പരമ്പരാഗതവും എന്നാൽ പുതിയ ട്രെൻഡുകളും സംയോജിപ്പിച്ചു കൊണ്ട് ഫ്യൂഷൻ പീസുകളോടു കൂടിയാണ് വേദികളിൽ പ്രത്യക്ഷപ്പെടാറുള്ളത്. പാന്റ്-സാരികൾ, ജാക്കറ്റ്-സാരികൾ, മോഡേൺ ബ്ലൗസ് ഡിസൈനുകൾ, മിനിമൽ ആഭരണങ്ങൾ എന്നിവയാണ് ട്രഡീഷണൽ ഫ്യൂഷൻ സ്റ്റൈലുകൾ. ഇൻസ്റ്റാഗ്രാം, യൂട്യൂബ് പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പരമ്പരാഗത വസ്ത്രങ്ങൾ എങ്ങനെ ആധുനിക രീതിയിൽ സ്റ്റൈൽ ചെയ്യാൻ കഴിയുമെന്നും ഇൻഫ്ളുവൻസേർസ് കാണിച്ചുതരുന്നു.

ഇങ്ങനെ മാറികൊണ്ടിരിക്കുന്ന ഫാഷനുകളും, പരമ്പരാഗതവും ആധുനിക ട്രെൻഡുകളും ചേരുന്ന ഫ്യൂഷൻ വസ്ത്രങ്ങളും ബിസിനസുകൾക്ക് വൻ അവസരങ്ങളാണ് തുറന്നു കൊടുക്കുന്നത്. ഉപഭോക്താക്കൾ കൂടുതൽ പരീക്ഷണാത്മകരാവുന്ന സാഹചര്യത്തിൽ, ബ്യൂട്ടിഷൻമാരും, ഡിസൈനർമാരും ബ്രാൻഡുകളും പുതുമയാർന്ന ഡിസൈനുകൾ, വേഗത്തിലുള്ള കളക്ഷൻ അപ്ഡേറ്റുകൾ, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയെല്ലാം സ്വീകരിക്കുകയാണ്. മാറുന്ന കാലത്തിനൊപ്പം ഫാഷനിലും പുതുമകൾ പരീക്ഷിക്കാൻ മലയാളികളും ഒട്ടും പിന്നിലല്ല.

# റീച്ചിനും ലൈക്കിനും വേണ്ടി മനുഷ്യരെ കൊല്ലരുത്



**അഡ്വ.ചാർളി പോൾ**

സാമൂഹ്യ മാധ്യമങ്ങൾ അപകടകരമായ സാധ്യതകൾക്കായി ഉപയോഗപ്പെടുത്തുന്ന സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കുകയാണ്. കഴിഞ്ഞ ദിവസം ബസ്സിൽ ലൈംഗിക അതിക്രമം നടത്തിയെന്ന് ആരോപിച്ച് വടകര സ്വദേശി ഷിംജിത മുസ്തഫ സാമൂഹ്യ മാധ്യമത്തിൽ വീഡിയോ പ്രചരിപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് ഗോവിന്ദപുരം മണൽത്താഴം ഉള്ളാട്ട് തൊടിയിൽ ദീപക് (42) ജീവനൊടുക്കിയ സംഭവം കേരളത്തെയൊന്നാകെ ഞെട്ടിച്ചിരിക്കുകയാണ് .ഏറെ കോളിളക്കം സൃഷ്ടിച്ച ഈ കേസിൽ ഭാരതീയ ന്യായ സംഹിത 108ാം വകുപ്പ് പ്രകാരം ആത്മഹത്യ പ്രേരണാകുറ്റം ചുമത്തി ഷിംജിതക്കെതിരെ പോലീസ് കേസെടുത്തു. അവർ ഇപ്പോൾ ജയിലിലാണ്.

വീട്ടിലെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ ദീപക്കിനെ കണ്ടെത്തുകയായിരുന്നു. പയ്യന്നൂരിൽ ബസ്സിൽ വച്ച് ദീപക് ശരീരത്തിൽ സ്പർശിച്ചെന്നാരോപിച്ചാണ് ഷിംജിത സാമൂഹ്യ മാധ്യമത്തിൽ വീഡിയോ പങ്കുവെച്ചത്. രണ്ടു ദിവസം കൊണ്ട് 30 ലക്ഷത്തിലേറെ പേർ വീഡിയോ കാണുകയും ഒട്ടേറെ പേർ ഷെയർ ചെയ്യുകയും ചെയ്തു. സാമൂഹ്യ മാധ്യമങ്ങൾ അപകടകരമായ സാധ്യതകൾക്കായി ഉപയോഗപ്പെടുത്തുന്ന സംഭവങ്ങളുടെ തുടർച്ചയാണിത്.

കണ്ടന്റ് ക്രിയേഷനുവേണ്ടി യുവതി ബോധപൂർവ്വം വീഡിയോ ചിത്രീകരിച്ച് ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിച്ചു എന്നാണ് ദീപക്കിന്റെ വീട്ടുകാരുടെ ആരോപണം. റീച്ചിനും ലൈക്കിനും വേണ്ടി സൃഷ്ടിക്കുന്ന ഉള്ളടക്കം മറ്റുള്ളവരുടെ ജീവിതത്തെ ബാധിക്കുന്ന സാഹചര്യം അനുദിനം വർദ്ധിക്കുകയാണ്. സാമൂഹ്യ മാധ്യമങ്ങൾ വരുമാന മാർഗമായതോടെ കണ്ടന്റ് ക്രിയേറ്റർമാർ വൈറലാകാൻ സാധ്യതയുള്ള കണ്ടന്റുകൾക്കായി ഏതു മാർഗ്ഗവും സ്വീകരിക്കുകയാണ്. മാന്യമായ ജീവിതം നയിക്കുന്നവരെ ഏറ്റവും മോശമായ രീതിയിൽ അപമാനിക്കുക, സ്ത്രീകൾക്ക് എതിരെയും മറ്റും അപകീർത്തികമായ വീഡിയോകൾ പ്രചരിപ്പിക്കുക, ഫേക്ക് ന്യൂസ് പങ്കുവയ്ക്കുക,അധിക്ഷേപം, അപമാനം, ഭീഷണി തുടങ്ങിയ മാർഗ്ഗത്തിലൂടെ സൈബർ ബുള്ളിയിംഗ് നടത്തുക, സ്വകാര്യ ചിത്രങ്ങൾ, വിവരങ്ങൾ എന്നിവ അനുമതിയില്ലാതെ പങ്കുവെക്കുക, എന്നിങ്ങനെ കൈയ്യടിക്കും കാശിനും ക്രൂര സംതൃപ്തിക്കും വേണ്ടി സൈബർ പേക്കൂത്ത് നടത്തുകയാണ് ചിലർ .ഇത്തരം നീചർക്ക് ഓശാന പാടുന്ന വിധത്തിലാണ് ചിലരുടെ പ്രതികരണങ്ങൾ.

ആത്മഹത്യ ഒന്നിനും പരിഹാരമല്ല. യുവാവ് നേരിട്ട സാഹചര്യത്തിനും ഇതായിരുന്നില്ല പ്രതിവിധി. ആ കുടുംബത്തിന്റെ നഷ്ടവും വേദനയും അപരിഹാര്യമാണ്. ബസിലെ സംഭവത്തിൽ യുവാവ് നിരപരാധിയോ അപരാധിയോ എന്ന് കണ്ടെത്തേണ്ടത് പോലീസും നീതിപീഠവുമാണ്. മുൻവിധികളല്ല. സംഭവഗതികളെ ധൈര്യസമേതം നേരിട്ട് അദ്ദേഹത്തിന് നിരപരാധിത്വം തെളിയിക്കാമായിരുന്നു .പക്ഷേ പൊതുസമൂഹത്തിന്റെയും കുടുംബാംഗങ്ങളുടെയും മുന്നിൽ നാണം കെട്ടുവോ എന്ന തോന്നലിൽ ആ മനുഷ്യൻ ആത്മഹത്യ ചെയ്യുകയായിരുന്നു. ആ സമയത്തെ മാനസിക നില സ്വയംജീവനൊടുക്കുന്നതിലേക്ക് ആ മനുഷ്യനെ നയിച്ചു കാണും. അത് സങ്കടകരവും ദൗർഭാഗ്യകരവുമായിപ്പോയി.

ബസ്സിലും മറ്റും ഒരാൾ ലൈംഗിക അതിക്രമം കാട്ടുന്നെങ്കിൽ അത് തടയാൻ ശ്രമിക്കുകയും വീഡിയോ ചിത്രീകരിക്കുകയും ചെയ്യുന്നത് തെറ്റല്ല. എന്നാൽ പകർത്തിയ ദൃശ്യങ്ങൾ പോലീസിന് കൈമാറി നീതി തേടുകയാണ് ചെയ്യേണ്ടിയിരുന്നത് .ഒരു ജനാധിപത്യ സമൂഹത്തിൽ നിയമവഴി തേടുന്നതാണ് ഉചിതവും ന്യായവും. അതിനുപകരം സ്വയം ശിക്ഷ വിധിക്കനാും നടപ്പിലാക്കാനും കരുക്കൾ നീക്കുമ്പോൾ അത് സ്വയം കുരുക്കായി മാറുമെന്ന് ഓർക്കണം. ഇത്തരം സന്ദർഭങ്ങളിൽ സാമൂഹ്യമാധ്യമത്തെ ദുരുപയോഗിക്കാതെ തങ്ങളെ അറിയിക്കണമെന്നാണ് പോലീസ് പറയുന്നത്. പൊലീസ് സഹായം ആവശ്യം വരുന്ന സന്ദർഭങ്ങളിൽ സാമൂഹ്യ മാധ്യമത്തിൽ പ്രതികരിക്കാതെ 112 എന്ന എമർജൻസി നമ്പറിലേക്ക് വിളിക്കാം. പോലീസിന്റെ മുന്നിലാണ് ഇത്തരം വീഡിയോകൾ തെളിവായി സമർപ്പിക്കേണ്ടത്. എന്നാൽ ഈ സാധ്യത ദുരുപയോഗിച്ചതിന്റെ ഫലമായിട്ടാണ് ഒരു ജീവൻ ഇവിടെ പൊലിഞ്ഞു വീണത്. ആ നഷ്ടം എങ്ങനെ പരിഹരിക്കാൻ കഴിയും. ലൈക്ക് നൽകി പ്രോത്സാഹിപ്പിക്കാൻ സൈബർ ഫ്രണ്ട്സ് ഉണ്ടാകുമെങ്കിലും ഭവിഷ്യത്ത് അനുഭവിക്കാൻ മറ്റാരും ഉണ്ടാകില്ല. ഇത്തരം മനുഷ്യത്വരഹിതമായ ഹീനമാർഗ്ഗങ്ങൾ തേടുന്നവർക്ക് ഇതൊരു പാഠമായി മാറണം. അത്തരം സാഹചര്യങ്ങൾ ഇനി ഒരിക്കലും ഉണ്ടാകരുത്.

ഡിജിറ്റൽ ലോകത്ത് മനുഷ്യരുടെ ദിനചര്യങ്ങളുടെ ഭാഗമായി സാമൂഹ്യ മാധ്യമങ്ങൾ മാറിയിട്ടുണ്ട്. ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം, എക്സ് ( ട്വിറ്റർ) യൂട്യൂബ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ ആശയവിനിമയത്ത് അതിവേഗവും ലളിതവുമാക്കി മാറ്റിയിട്ടുണ്ട്. ഡിജിറ്റൽ സാക്ഷരതയിൽ രാജ്യത്ത് മുന്നിലാണ് കേരളം. സാങ്കേതിക വിദ്യയുടെ കാര്യത്തിൽ നമുക്ക് കൈവന്ന സൗകര്യങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുമ്പോഴാണ് സമൂഹത്തിന് അത് ഗുണകരമാകുന്നത്.



അതേസമയം അവയുടെ ദുരുപയോഗം വ്യക്തിപരവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും കാരണമാകും. വ്യക്തികളുടെ സ്വകാര്യ ജീവിതത്തിലേക്ക് ഉള്ള കടന്നുകയറ്റം, അതിരുകടക്കുന്ന പരിഹാസം, അർധ സത്യങ്ങളുടെ പ്രചരിപ്പിക്കൽ എന്നിവ വ്യക്തികളുടെ മാനസികാരോഗ്യം, കുടുംബ ബന്ധങ്ങൾ എന്നിവ ശിഥിലമാക്കുകയും സാമൂഹ്യ അംഗീകാരത്തെ നശിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരാളുടെ ജീവിതം നശിപ്പിച്ചിട്ട് തേടുന്ന റീച്ച് എങ്ങനെ നേട്ടമാകും. കർമ്മങ്ങളുടെ ഫലം അവനവൻ തന്നെയാണ് അനുഭവിക്കേണ്ടി വരിക.

സാമൂഹ്യ മാധ്യമങ്ങളുടെ പ്രധാന ഗുണം വിവര വിനിമയത്തിലെ വേഗതയാണ്. ലോകത്തിന്റെ ഏതു കോണിലിരുന്നും നിമിഷങ്ങൾക്കുള്ളിൽ ആശയങ്ങൾ കൈമാറാൻ എന്ന് സാധിക്കും. ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകൾ, സർക്കാർ പദ്ധതികൾ എന്നിവയെക്കുറിച്ച് ശരിയായ വിവരങ്ങൾ പങ്കുവയ്ക്കുവാൻ സാമൂഹ്യ മാധ്യമങ്ങൾ സഹായകരമാണ്. അടിയന്തിര സാഹചര്യങ്ങളിൽ വേഗത്തിലുള്ള സന്ദേശം വിനിമയം മാധ്യമങ്ങൾ സാധ്യമാക്കുന്നുണ്ട് .പ്രവാസി ബന്ധങ്ങളെ സുദൃഢമാക്കുവാനും ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മറ്റും സാമൂഹ്യ മാധ്യമങ്ങൾ സഹായകരമാണ്. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ മാധ്യമങ്ങൾ വലിയ സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾ , വെബിനാറുകൾ, പഠന വീഡിയോകൾ എന്നിവ വഴി വിദ്യാർത്ഥികൾക്ക് പുതിയ അറിവുകൾ നേടാൻ അവസരം ലഭിക്കുന്നു.

ആരോഗ്യ ബോധവൽക്കരണത്തിനും സാമൂഹ്യ പ്രശ്നങ്ങളെ മനസ്സിലാക്കുവാനും മാധ്യമങ്ങൾ സഹായകരമാണ്. കൂടാതെ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും ചെറു സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹ്യ മാധ്യമങ്ങൾ ഒരു പ്രധാന വേദിയായി മാറിയിട്ടുണ്ട്.

സാമൂഹ്യ മാധ്യമങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുട്ടികളിൽ ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടികളിലെ മൊബൈൽ ഫോൺ ദുരുപയോഗം പഠനത്തെയും ശാരീരിക മാനസിക ആരോഗ്യത്തെയും സാരമായി ബാധിച്ചു തുടങ്ങിയതിനാൽ ഉപയോഗം നിയന്ത്രണം പല രാജ്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതൊരു ആസക്തിയായി മാറുന്നതിനാൽ അവയെക്കുറിച്ചുള്ള സാമൂഹ്യ അവബോധ സെമിനാറുകൾ പല ഏജൻസികളും നടത്തുന്നുണ്ട്. ഗെയിമുകൾ, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയവക്ക് കുട്ടികൾ അടിമകളാകുന്നതോടെ അവർക്ക് ഉണ്ടാകുന്ന വൈകാരിക വെല്ലുവിളികളെക്കുറിച്ച് ബോധവത്ക്കരണത്തിന് ബാംഗ്ലൂർ നിംഹാൻസ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വ്യാജവാർത്തകൾ, തെറ്റായ വിവരങ്ങൾ എന്നിവ വേഗത്തിൽ പ്രചരിക്കുന്നത് ഇന്നൊരു പ്രധാന വെല്ലുവിളിയാണ്. ഇതുവഴി സമൂഹത്തിൽ ഭയം, വിദ്വേഷം, സംഘർഷങ്ങൾ എന്നിവ ഉണ്ടാകും. സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ തട്ടിപ്പുകൾ, അക്കൗണ്ട് ഹാക്കിംഗ്, ഡാറ്റ ദുരുപയോഗം എന്നിവയും വർദ്ധിച്ചുവരുന്നു. എത്രപേർക്കാണ് പണം നഷ്ടപ്പെടുന്നത്. കുട്ടികളും യുവാക്കളും സൈബർ ബുള്ളിയിംഗിന് ഇരകളാകുന്നത് ഗുരുതരമായ മാനസിക പ്രശ്നങ്ങൾക്കും ചിലപ്പോൾ ആത്മഹത്യ പോലുള്ള ദുരന്തങ്ങൾക്കും കാരണമാകുന്നു.

സാമൂഹ്യ മാധ്യമങ്ങളോടുള്ള അമിത ആശ്രയം സമയനഷ്ടത്തിനും പഠനത്തിലും ജോലിയിലും ഉള്ള ശ്രദ്ധക്കുറവിനും കാരണമാകുന്നുണ്ട്. കുടുംബബന്ധങ്ങൾ ദുർബലമാകുകയും സാമൂഹ്യ ഇടപെടലുകൾ കുറയുകയും ചെയ്യുന്ന സാഹചര്യവും ഇന്ന് കാണപ്പെടുന്നു. സാമൂഹ്യ മാധ്യമങ്ങൾ മാധ്യമ ധാർമ്മികത പുലർത്താൻ ബാധ്യസ്ഥരാണ്. വാർത്തകൾ ശേഖരിക്കുമ്പോഴും അവതരിപ്പിക്കുമ്പോഴും പാലിക്കേണ്ട സത്യസന്ധത, കൃത്യത, നിഷ്പക്ഷത, എന്നിവ പുലർത്തണം. അഭിപ്രായ സ്വാതന്ത്ര്യത്തോടൊപ്പം സമൂഹത്തോടുള്ള ഉത്തരവാദിത്വവും നിർവഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം. പങ്കുവെക്കുന്നതിന് മുമ്പ് വിവരങ്ങളുടെ വിശ്വാസത ഉറപ്പാക്കണം. സ്വകാര്യതാ ക്രമീകരണങ്ങൾ ശ്രദ്ധിക്കുകയും വ്യക്തിഗത വിവരങ്ങൾ പരമാവധി പരിമിതപ്പെടുത്തുകയും വേണം.

കുട്ടികളുടെ സാമൂഹ്യ മാധ്യമയോഗം മാതാപിതാക്കളുടെയും അധ്യാപകരുടേയും മേൽനോട്ടത്തിൽ ആകണം. സ്വയം നിയന്ത്രണത്തിന് എല്ലാവരും തയ്യാറാകണം. സൈബർ നിയമങ്ങളെകുറിച്ചുള്ള അവബോധവും ആർജിച്ചെടുക്കണം. ശരിതെറ്റുകളെ വിവേചിച്ചറിയണം.

സാമൂഹ്യ മാധ്യമങ്ങൾ മനുഷ്യരെ ബന്ധിപ്പിക്കുന്ന ശക്തമായ ഉപകരണങ്ങളാണ്. അവയെ ശരിയായ രീതിയിൽ ഉപയോഗിക്കുമ്പോൾ സാമൂഹ്യ വികസനത്തിന് അത് വലിയ തോതിൽ സഹായകമാകും. എന്നാൽ ദുരുപയോഗം സാമൂഹ്യ സമാധാനത്തെയും വ്യക്തികളുടെ മാനസികാരോഗ്യത്തെയും ബാധിക്കുന്നതിനാൽ ജാഗ്രതയും ഉത്തരവാദിത്വവും പുലർത്തുവാൻ ഓരോരുത്തരും തയ്യാറാകണം. സാമൂഹ്യവിരുദ്ധമാകരുത് സമൂഹമാധ്യമ ഉപയോഗം. സാമൂഹിക മാധ്യമങ്ങളുടെ ശുഭസാധ്യതകളെ ആശുഭമാക്കാതിരിക്കാനും ശ്രമിക്കണം.

**(അഭിഭാഷകനും ട്രെയ്നറും മെന്ററുമായ ലേഖകൻ കേന്ദ്ര സംസ്ഥന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെ പരിശീലകനാണ് )**

# വൈറ്റില ജംഗ്ഷനിലെ ഗതാഗതകുരുക്ക് അവസാനിപ്പിക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** വൈറ്റില ജംഗ്ഷനിലെ ഗതാഗത കുരുക്ക് അവസാനിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി ദേശീയപാതാ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു. ദേശീയപാതാ പ്രോജക്റ്റ് ഡയറക്ടറും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെയും ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണറുടെയും സഹകരണത്തോടെ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. മേൽപ്പാലത്തിന് താഴെയുള്ള വീതിയേറിയ ഡിവൈഡറിന്റെ വീതികുറച്ച് ലഭ്യമാകുന്ന അധികസ്ഥലം വാഹനങ്ങൾക്കായി നീക്കി വയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.തൃപ്പൂണിത്തുറ, അരൂർ, വൈറ്റില ഭാഗങ്ങളിൽ നിന്ന് പാലാരിവട്ടത്തേക്ക് പോകുന്ന റോഡിലുള്ള പോലീസ് വാച്ച് ടവർ വാഹനഗതാഗതത്തിന് തടസമാകുമെന്നതിനാൽ പൊളിച്ച് സഹോദരൻ അയ്യപ്പൻ റോഡിന്റെ ഭാഗത്തേക്ക് മാറ്റേണ്ടതുണ്ടോ എന്ന് പരിശോധിക്കണം. കൂടാതെ മൂന്ന് വഴികളിൽ നിന്നെത്തുന്ന വാഹനങ്ങൾക്ക് ട്രാഫിക് സിഗ്നലിൽ കാത്തിരിപ്പ് സമയം കുറയ്ക്കാൻ നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.ഇന്ധനലാഭത്തിനായി എല്ലാ ട്രാഫിക് സിഗ്നലുകളിലും കൗണ്ട് ഡൌൺ ടൈമർ സ്ഥാപിക്കുന്ന കാര്യത്തിൽ ട്രാഫിക് പോലീസും ആർ.റ്റി.ഒ. യുമായി കൂടിയാലോചിച്ച് ജില്ലാ പോലീസ് മേധാവി (കൊച്ചി സിറ്റി) നടപടിയെടുക്കണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു.മീഡിയനുകളുടെ വീതി കുറച്ച് ഗതാഗതം സുഗമമാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് പൊതുമരാമത്ത് വകുപ്പ് പരിശോധിക്കണം. ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കണം.

ഇടപ്പള്ളി വൈറ്റിലഅരൂർ ദേശീയപാതാ 66 ന്റെ ഉടമസ്ഥാവകാശം ദേശീയപാതാ അതോറിറ്റിയിൽ നിക്ഷിപ്തമാണെങ്കിൽ വൈറ്റില ജംഗ്ഷനിലെ കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

വൈറ്റില ജംഗ്ഷനിലെ ട്രാഫിക് സിഗ്നൽ ഒഴിവാക്കി യു ടേൺ സംവിധാനം നടപ്പാക്കിയാൽ തിരക്ക് കുറയ്ക്കാൻ കഴിയുമോ എന്നും പരിശോധിക്കണം. ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്തമായി കൂടിയാലോചനകളിലൂടെ നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ജനപ്രതിനിധികളുടെ അഭിപ്രായവും സ്വീകരിക്കണം. ആവശ്യമെങ്കിൽ സംയുക്ത യോഗം ജില്ലാ പോലീസ് മേധാവി വിളിക്കണം. ദേശീയപാതാ അതോറിറ്റി പ്രോജക്റ്റ് ഡയറക്ടർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേഷൻ സെക്രട്ടറി, ജില്ലാ പോലീസ് മേധാവി (സിറ്റി), എറണാകുളം ആർ.റ്റി.ഒ. എന്നിവർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ഒരു മാസത്തിനകം കമ്മീഷനിൽ സമർപ്പിക്കണം. പ്രോജക്റ്റ് ഡയറക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേഷൻ സെക്രട്ടറി എന്നിവരുടെ പ്രതിനിധികളും ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണറും ജോയിന്റ് ആർ.റ്റി.ഒയും മാർച്ച് 3 ന് രാവിലെ 10 ന് പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൌസിൽ നടക്കുന്ന സിറ്റിംഗിൽ നേരിട്ട് ഹാജരാകണമെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു.



# പോളോ കപ്പ് : അമൻ നാഗ്ദേവ് ദേശീയ ചാമ്പ്യൻ

**ചെന്നൈ:** എംആർഎഫ് എംഎംഎസ്സി എഫ്എംഎസ്സിഐ ഇന്ത്യൻ നാഷണൽ റേസിംഗ് ചാമ്പ്യൻഷിപ്പിൽ നടന്ന ആവേശകരമായ പോരാട്ടത്തിനൊടുവിൽ നോയിഡയിൽ നിന്നുള്ള അമൻ നാഗ്ദേവ് പോളോ കപ്പ് കിരീടം ചൂടി. കടുത്ത ത്രികോണ മത്സരത്തിനൊടുവിലാണ് നാഗ്ദേവ് വിജയിയായത്. ദേശീയ ചാമ്പ്യൻഷിപ്പിന്റെ അവസാന ദിനം ആരംഭിക്കുമ്പോൾ അമൻ നാഗ്ദേവ്, ആദിത്യ പട്നായിക്, ഓജസ് സർവെ എന്നിവരായിരുന്നു കിരീടപോരാട്ടത്തിൽ മുന്നിൽ. ആദ്യറേസിൽ നാഗ്ദേവ് ഒന്നാമതായും പട്നായിക് രണ്ടാമതായും സർവെ മൂന്നാമതായും ഫിനിഷ് ചെയ്തു. കനത്ത മഴയിലാണ് രണ്ടാം റേസ് ആരംഭിച്ചത്. മഴയത്തെ ഡ്രൈവിങിൽ അസാമാന്യ മികവ് പുലർത്തിയ ഓജസ് സർവെ, നാഗ്ദേവിനെയും പട്നായിക്കിനെയും മറികടന്ന് ഉജ്ജ്വല വിജയം നേടി.

മൂന്നാം റേസിൽ മുംബൈ താരം റയാൻ ബാഫ്ന പോൾ പൊസിഷനിൽ നിന്ന് തുടങ്ങിയെങ്കിലും ആദിത്യ പട്നായിക് വേഗത്തിൽ മുന്നിലെത്തി വിജയം സ്വന്തമാക്കി. നാഗ്ദേവ് രണ്ടാമതെത്തി. ചാമ്പ്യൻഷിപ്പിലെ അവസാന റേസിൽ സോണാവാനെ തുടക്കത്തിൽ ലീഡ് എടുത്തുവെങ്കിലും ഒമ്പതാം കോർണറിൽ വച്ച് നാഗ്ദേവ് മുന്നിലെത്തി. തൊട്ടുപിന്നാലെ സർവെയും പട്നായിക്കിനെ മറികടന്ന് രണ്ടാം സ്ഥാനത്തെത്തി. കടുത്ത പോരാട്ടത്തിനൊടുവിൽ അമൻ നാഗ്ദേവ് അവസാന റേസും തന്റെ ആദ്യ ദേശീയ കിരീടവും സ്വന്തമാക്കുകയായിരുന്നു.

# കിഴക്കമ്പലം ബസ്റ്റാന്റ് നവീകരണം പുനരാരംഭിച്ചു

**കിഴക്കമ്പലം :** കിഴക്കമ്പലം പഞ്ചായത്തിലെ രണ്ടാം ടന്റി20 ഭരണ സമിതി വിഭാവനം ചെയ്ത രാജ്യാന്തര നിലവാരത്തിലുള്ള പഞ്ചായത്ത് ബസ് സ്റ്റാന്റ്, കാത്തിരിപ്പ് കേന്ദ്രം, ഷീ ജിം, സൗജന്യ ഭക്ഷണശാല തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു.

365 ദിവസവും പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ സൗജന്യ ഭക്ഷണശാല ഉൾപ്പെടെ, ബസ് സ്റ്റാൻഡ് അനുബന്ധ കെട്ടിടങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ രാഷ്ട്രീയ വൈരത്തിന്റെ പേരിൽ സിപിഎം, സിഐടിയു ഗുണ്ടകൾ നിരന്തരം തടസപ്പെടുത്തിയിരുന്നു. രണ്ടാം ടന്റി20 ഭരണസമിതി ഇതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും, അനുകൂല ഉത്തരവ് സമ്പാദിക്കുകയും ചെയ്തിരുന്നുവെങ്കിലും നിർമ്മാണത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർ, കോൺട്രാക്ടർ, ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് മതിയായ പോലീസ് സംരക്ഷണം നൽകാൻ പിണറായി സർക്കാർ വിസമ്മതിച്ചു. ഇതിനെതിരെ കോടതി അലക്ഷ്യ ഹർജിയുമായി ഭരണസമിതിക്ക് ഹൈക്കോടതിയെ വീണ്ടും സമീപിക്കേണ്ടി വന്നു. തദ്ദേശ തിരഞ്ഞെടുപ്പുവരെ ടന്റി20 പാർട്ടിയുടെ ജനക്ഷേമ പ്രവർത്തനങ്ങൾ തടസപ്പെടുത്തി ജനങ്ങളിൽ ഭയവും, ഭിന്നിപ്പും, അരക്ഷിതാവസ്ഥയും സൃഷ്ടിച്ച് കിഴക്കമ്പലം പഞ്ചായത്തിന്റെ ഭരണം പിടിച്ചെടുക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം.

വികസന വിരോധികളായ ഇടത്വലത് മുന്നണികൾ വർഗ്ഗീയ പാർട്ടികളുമായി ചേർന്ന് മുന്നണി രൂപീകരിച്ച് കിഴക്കമ്പത്ത് ടന്റി20യെ പരാജയപ്പെടുത്താൻ നടത്തിയ ശ്രമം വിജയിക്കാതെ വന്നതോടെയാണ് മൂന്നാം ടന്റി20 ഭരണസമിതിയുടെ നേതൃത്വത്തിൽ ബസ് സ്റ്റാൻഡ് നവീകരണം പുനരാരംഭിക്കാനായതെന്ന് പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ് പറഞ്ഞു.

ടന്റി20യുടെ പ്രകടന പത്രികയിൽ ജനങ്ങൾക്ക് കൊടുത്ത എല്ലാ വാഗ്ദാനങ്ങളും നിറവേറ്റുമെന്നും, ടന്റി20 പാർട്ടി ഇപ്പോൾ രാജ്യം ഭരിക്കുന്ന എൻഡിഎയുടെ സഖ്യകക്ഷി എന്ന നിലയിൽ സംസ്ഥാനത്തിന്റെ വികസനം അടുത്ത അമ്പത് വർഷം മുന്നിൽ കണ്ട് നിറവേറ്റുന്നതിന് നേതൃത്വം നൽകുമെന്നും സാബു ജേക്കബ് പറഞ്ഞു.

## തൊഴിൽ അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ വിവിധ കമ്പനികളിലെ ഒഴിവുകളിലേക്ക് കൂടിക്കാഴ്ച നടത്തും. ഇന്ന് രാവിലെ 11 ന് കാക്കനാട് സിവിൽ സ്റ്റേഷനിലെ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് കൂടിക്കാഴ്ച നടക്കുന്നത്.

എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ഐ.ടി.ഐ, ഡിപ്ലോമ (ഇലക്രോണിക്സ്), മെക്കാനിക്കൽ ഡ്രാഫ്റ്റ്സ്മാൻ (ഐ.ടി.ഐ/ഡിപ്ലോമ), ബി.ടെക്/ബി.ഇ മെക്കാനിക്കൽ എൻജിനീയറിങ് എന്നീ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റയുടെ മൂന്ന് കോപ്പികൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 04842422452, 9446926836.

## പൂർവ്വ വിദ്യാർത്ഥി സംഗമം ഇന്ന്

**കൊച്ചി:** മഹാരാജാസ് കോളേജിന്റെ 150ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം പൂർവ്വ വിദ്യാർത്ഥി സംഗമം ദീദാർ 2026 ഇന്ന് നടക്കും. രാവിലെ 10ന് കോളേജ് ക്യാമ്പസിലെ ജി.എൻ.ആർ ഹാളിലാണ് പരിപാടി. വകുപ്പിന്റെ ചരിത്രവും സംഭാവനകളും അനുസ്മരിക്കുന്ന ചടങ്ങിൽ പൂർവ്വ വിദ്യാർത്ഥികളുടെ അനുഭവങ്ങൾ പങ്കുവെക്കലും കലാപരിപാടികളും നടക്കും.കൂടുതൽ വിവരങ്ങൾക്ക്: 9809012211, 9847257096.

## പ്ലാസ്റ്റിക് സർജറി ക്യാമ്പ്

**കൊച്ചി;** പൊള്ളലും മറ്റ് അപകടങ്ങൾ മൂലവും ഉണ്ടാകുന്ന വൈകല്യങ്ങളും വൈരൂപ്യങ്ങളും പരിഹരിക്കുന്നതിനായി എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ പ്രത്യേക ക്യാമ്പ് ഫെബ്രുവരി 12 വരെ എല്ലാ ദിവസങ്ങളിലും ഉച്ച കഴിഞ്ഞു 2 മണി മുതൽ4 മണി വരെ നടത്തുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ നിന്നും അർഹരായ രോഗികളെ തിരഞ്ഞെടുത്ത് ചികിത്സാ ഇളവുകളും സൗജന്യ ചികിത്സയും നൽകുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

## ലോക ക്യാൻസർ ദിനാചരണവും കേശ ദാന ക്യാമ്പും

**കൊച്ചി :** എറണാകുളം അങ്കമാലി അതിരൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെയും തലയോലപ്പറമ്പ് സെന്റ് ജോർജ് സൺഡേ സ്കൂളിന്റെയും ആഭിമുഖ്യത്തിൽ അതിരൂപതാതല ക്യാൻസർ ദിനാചരണം തലയോലപ്പറമ്പിൽ ഫെബ്രുവരി ഒന്നിന് സംഘടിപ്പിക്കും. സെന്റ് ജോർജ് പള്ളി പാരിഷ് ഹാളിൽ രാവിലെ 9.30 ന് മോൺസ് ജോസഫ് എംഎൽഎ കാൻസർ ദിനാചരണം ഉത്ഘാടനം ചെയ്യും. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവള്ളിൽ അധ്യക്ഷനാകും. ഫാ. ആൽജോ കളപ്പുരക്കൽ മുഖ്യ പ്രഭാഷണം നടത്തും. പരിപാടിയിൽ യുവജനങ്ങളും വിദ്യാർത്ഥികളും കേശദാനം നടത്തും. പഞ്ചായത്ത് അംഗം ശിൽപ്പ സാജു, പള്ളി ട്രസ്റ്റിമാരായ തങ്കച്ചൻ കളമ്പുകാട്ട്, റിൻസൻ പന്നിക്കോട്ടിൽ,ഹെഡ് മാസ്റ്റർ തോമസ് സ്കറിയ അമ്പലത്തിൽ എന്നിവർ സന്നിഹിതരായിരിക്കും.

ക്യാൻസർ അതിജീവിതർക്ക് ധരിക്കാനുള്ള വിഗ് സഹൃദയയുടെ നേതൃത്വത്തിൽ നിർമ്മിച്ചു സൗജന്യമായി നൽകുന്നതിന് വേണ്ടിയാണ് ക്യാമ്പിൽ തലമുടി ശേഖരിക്കുന്നത്. സന്നദ്ധരായ ആർക്കും ക്യാമ്പിൽ വച്ച് മുടി ദാനം ചെയ്യാവുന്നതാണെന്ന് പള്ളി വികാരി ഫാ. ബെന്നി ജോൺ മാരാംപറമ്പിൽ അറിയിച്ചു. ഉച്ചക്ക് 12.30 ന് ക്യാമ്പ് സമാപിക്കും.

## റിപ്പിൾസ് ഓഫ് ലൈഫ് : മന്ത്രി വീണാ ജോർജ്ജ് ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി :** മരണാനന്തര അവയവ ദാനത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനും മരണാനന്തരം അവയവം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികളുടെ പ്രചരണാർത്ഥവും റോട്ടറി കൊച്ചിൻ ഡൗൺ ടൗൺ, ഐ.എം.എ കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന റിപ്പിൾസ് ഓഫ് ലൈഫ് പ്രോഗ്രാം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് രാവിലെ 11.30 ന് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യും. കൊച്ചി മേയർ വി.കെ മിനി മോൾ അധ്യക്ഷത വഹിക്കും. മന്ത്രി പി.രാജീവ് മുഖ്യപ്രഭാഷണം നടത്തും. മസ്തിഷ്ക മരണത്തെ തുടർന്ന് അവയവങ്ങൾ ദാനം ചെയ്ത വ്യക്തികളുടെ കുടുംബാംഗങ്ങളും സ്വീകർത്താക്കളും പങ്കെടുക്കുന്ന 'നേർക്കാഴ്ച' പ്രോഗ്രാമും ഉണ്ടായിരിക്കും.




# സുസ്ഥിര വ്യോമയാന ഇന്ധന വിതരണം മെച്ചപ്പെടുത്തൽ; ഐഒസിആകാശ എയർ ധാരണ

**കൊച്ചി:** രാജ്യത്തെ പൊതുമേഖല എണ്ണക്കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ആകാശ എയറുമായി ലെറ്റർ ഓഫ് ഇന്റന്റ് ഒപ്പുവച്ചു.

സുസ്ഥിര വ്യോമയാന ഇന്ധനത്തിന്റെ സാധ്യതയുള്ള വിതരണത്തിലൂടെ എയർലൈനിന്റെ സുസ്ഥിര ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിന് രണ്ട് കമ്പനികളും തമ്മിലുള്ള സഹകരണത്തിനുള്ള ഒരു ചട്ടക്കൂട് സ്ഥാപിക്കാനാണ് ധാരണയിലെത്തിയത്. വ്യോമയാന യാത്രയിൽ നിന്നുള്ള ലൈഫ് സൈക്കിൾ ഹരിതഗൃഹ വാതക പ്രഭാവം കുറയ്ക്കുന്നതിനുള്ള ഒരു നിർണായക പാതയാണ് എസ്എഎഫ്. കൂടാതെ വ്യോമയാന മേഖലയുടെ നെറ്റ്സീറോ എമിഷനിലേക്കുള്ള പരിവർത്തനത്തിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിലെ കൺട്രി ഹെഡ് ശൈലേഷ് ധർ പറഞ്ഞു. ഇന്ധന ഉൽപ്പാദനം, വിതരണം, ലോജിസ്റ്റിക്സ് എന്നിവയിലുടനീളം ഐഒസിയുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുന്നതിലൂടെ എസ്എഎഫിന്റെ ഉപയോഗത്തിലേക്ക് നേരത്തെയുള്ള മാറ്റം സാധ്യമാക്കുന്നതിൽ അർത്ഥവത്തായ പങ്ക് വഹിക്കാനും ലക്ഷ്യമിടുന്നതായി അദ്ദേഹം പറഞ്ഞു.എൽഒഐ അനുസരിച്ച്, ഇരു കമ്പനികളും സാധ്യതയുള്ള എസ്എഎഫ് വിതരണ അളവ്, ഡെലിവറി ലൊക്കേഷനുകൾ, സമയക്രമങ്ങൾ എന്നിവ വിലയിരുത്തുന്നതിനും അംഗീകൃത സുസ്ഥിര ഫീഡ്സ്റ്റോക്കുകളുടെയും ഉൽപ്പാദന പാതകളുടെയും ഉപയോഗം വിലയിരുത്തുന്നതിനും പ്രവർത്തിക്കും.



# കടൽപായൽ ഉൽപാദനം മൂന്നിരട്ടിയായി വർധിച്ചു: കേന്ദ്ര മന്ത്രി ജോർജ് കുര്യൻ

**കൊച്ചി:** രാജ്യത്തെ കടൽപായൽ ഉൽപാദനം കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഏകദേശം മൂന്നിരട്ടിയായി വർധിച്ചെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ആരംഭിച്ച ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും ഓൺലൈനിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

2015ൽ 18,890 ടണ്ണായിരുന്നത് 2024ൽ 74083 ടണ്ണായി വർധിച്ചു. കടൽപായൽ കൃഷിയും അനുബന്ധ വ്യവസായങ്ങളും വൻതോതിൽ വിപുലീകരിക്കുന്നതിനുള്ള നടപടികളുണ്ടാകും. തീരദേശ വികസനത്തിലും സുസ്ഥിര ഉപജീവന മാർഗങ്ങളിലും കടൽപായൽ കൃഷി നിർണായക പങ്ക് വഹിക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ ബി കെ ബെഹറ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സിഎംഎഫ്ആർഐ, സെൻട്രൽ സാൾട്ട് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ സംയുക്തമായാണ് രണ്ടു ദിവസത്തെ എക്സ്പോയും ഉച്ചകോടിയും സംഘടിപ്പിക്കുന്നത്.

കടൽപായലിൽ നിന്ന് നിർമ്മിച്ച വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനമാണ് എക്സ്പോയിലെ പ്രധാന ആകർഷണം. ന്യൂട്രീഷൻ പൗഡർ, ജാം, പക്കവട, സോസ് തുടങ്ങി കടൽപായലിൽ നിന്ന് നിർമിച്ച വൈവിധ്യമായ ഭക്ഷ്യോൽപന്നങ്ങൾ ശ്രദ്ധയാകർഷിച്ചു.

സീവീഡ് സോപ്പുകൾ, എയർ ഫ്രെഷ്നർ ജെല്ലുകൾ, ജൈവവളങ്ങൾ, കരകൗശലവസ്തുക്കൾ, സൗന്ദര്യ വർധക വസ്തുക്കൾ, ന്യൂട്രാസ്യൂട്ടിക്കുകൾ തുടങ്ങി അനേകം കടൽപായൽ ഉൽപന്നങ്ങളുടെ പ്രദർശനം ഈ രംഗത്തെ വ്യവസായ സ്റ്റാർട്ടപ് സംരംഭങ്ങളുടെ സാധ്യതകൾ മുന്നോട്ടുവെച്ചു.

യു എസ്, റഷ്യ, ഓസ്ട്രേലിയ, ഫ്രാൻസ് തുടങ്ങി പത്തിലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

## എസ്ബിഐ ലൈഫിന് 31,326 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷൂറൻസ് കമ്പനികളിൽ ഒന്നായ എസ്ബിഐ ലൈഫ് ഇൻഷൂറൻസ് 2025 ഡിസംബർ 31ന് അവസാനിച്ച കാലയളവിൽ 15 ശതമാനം വർധനവോടെ 31,326 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി. മുൻ വർഷം ഇതേ കാലയളവിലെ പുതിയ ബിസിനസ് പ്രീമിയം 26,256 കോടി രൂപയായിരുന്നു. പരിരക്ഷാ വിഭാഗത്തിലെ പുതിയ ബിസിനസ് പ്രീമിയം 22 ശതമാനം വർധനവോടെ 3,411 കോടി രൂപയിലും എത്തിയിട്ടുണ്ട്. 2025 ഡിസംബർ 31ലെ കണക്കു പ്രകാരം എസ്ബിഐ ലൈഫ് ഇൻഷൂറൻസിന്റെ അറ്റാദായം 1,666 കോടി രൂപയാണ്. കമ്പനിയുടെ സോൾവൻസി നിരക്ക് 1.91 എന്ന മികച്ച നിലയിലാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

## ടിവിഎസ് ക്രെഡിറ്റ്: അറ്റാദായത്തിൽ 22 ശതമാനവും വർധനവ്

**കൊച്ചി:** രാജ്യത്തെ മുൻനിര എൻബിഎഫ്സികളിൽ ഒന്നായ ടിവിഎസ് ക്രെഡിറ്റ് സർവീസസ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസങ്ങളിലെ വായ്പാ വിതരണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 21 ശതമാനം വർധനവു കൈവരിച്ചു. ആദ്യ ഒൻപതു മാസങ്ങളിൽ ആകെ വരുമാനം എട്ടു ശതമാനം വർധനവോടെ 5351 കോടി രൂപയിലും എത്തിയിട്ടുണ്ട്. അറ്റാദായം 22 ശതമാനം വർധനവോടെ 658 കോടി രൂപയിലും എത്തിയിട്ടുണ്ട്. കമ്പനി ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 2025 ഡിസംബറിലെ കണക്കനുസരിച്ച് 29,678 കോടി രൂപയാണ്. ഒൻപതു ശതമാനം വർധനവാണിതു കാണിക്കുന്നതെന്നും സാമ്പത്തിക ഫലങ്ങൾ വ്യക്തമാക്കുന്നു.

## ബോട്ട് ആൻഡ് മറൈൻ ഷോ ഇന്ന് സമാപിക്കും

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബോട്ടിംഗ്, മറൈൻ, വാട്ടർസ്പോർട്സ് വ്യവസായങ്ങളുടെ പ്രദർശനമായി വളർന്ന ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയുടെ (ഐബിഎംഎസ്) എട്ടാമത് പതിപ്പ് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ ഇന്ന് സമാപിക്കും. ഇന്ത്യൻ കോസ്റ്റ് ഗാർഡ് കേരള മാഹി കമാൻഡർ ഡിഐജി ആഷിഷ് മെഹ്റോത്ര, കെടിഎം പ്രസിഡന്റ് ജോസ് പ്രദീപ്, എൻഎസ്ഐസി സോണൽ ജിഎം എം ശ്രീവത്സൻ, സതേൺ നേവൽ കമാൻഡ് ക്മ്മഡോർ ഗൗരവ് മൽഹോത്ര, ഐഡബ്ല്യുഎഐ ഡയറക്ടർ സെൽവകുമാർ, ഐഎംയു ഡയറക്ടർ റിയർ അഡ്മിറൽ എസ് എൻ അലമന്ദ, എഎസിഎച്ച്കെ പ്രസിഡന്റ് കെ ജെ ജോസഫ്, സിക്കി കേരളാ ഹെഡ് ഡോ. തോമസ് നെച്ചുപ്പാടം, സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് എന്നിവർ പങ്കെടുത്തു. ജലവിനോദം, ടൂറിസം, ഗതാഗതം, മീൻപിടുത്തം തുടങ്ങിയ മേഖലകൾക്കാവശ്യമായ ഉപകരണങ്ങളും സേവനങ്ങളുമായി 65ഓളം സ്ഥാപനങ്ങൾ മൂന്നു ദിവസമായി നടക്കുന്ന മേളയിൽ പങ്കെടുക്കുന്നുണ്ട്.

## വിജ്ഞാനകേരളം മെഗാ തൊഴിൽ മേള നാളെ

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ വിജ്ഞാനകേരളത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മെഗാ തൊഴിൽ മേള ഇന്ന് കോതമംഗലം കോട്ടപ്പടി മാർ ഏലിയാസ് കോളേജിൽ നടക്കും. രണ്ടായിരത്തിലധികം ഒഴിവുകളുമായി പ്രമുഖ കമ്പനികൾ മേളയിൽ പങ്കെടുക്കും. പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, ഐ.ടി.ഐ, ഡിപ്ലോമ തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മേളയിൽ അവസരങ്ങളുണ്ടാകും. ഐ.ടി, മാനേജ്മെന്റ്, ഫൈനാൻസ്, ഹെൽത്ത് കെയർ, സെയിൽസ്, ഇലക്ട്രിക്കൽ ആൻഡ് മെക്കാനിക്കൽ തുടങ്ങിയ വിവിധ മേഖലകളിലേക്കാണ് നിയമനം.

തൊഴിൽ മേളയിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്കായി ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിനായി തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കളമശ്ശേരി കുസാറ്റ് എന്നിവിടങ്ങളിലെ എസ്.ഡി.പി.കെ കേന്ദ്രങ്ങളിൽ വെർച്വൽ ആയി ഇന്റർവ്യൂവിൽ പങ്കെടുക്കാനുള്ള സൗകര്യമുണ്ട്. ജില്ലയുടെ ഏത് ഭാഗത്തുള്ളവർക്കും ഈ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്താം. താൽപര്യമുള്ളവർക്ക് സർക്കാർ പോർട്ടലായ ഡി ഡബ്ല്യു എം എസ് വഴി ഓൺലൈനായി അപേക്ഷിക്കാം. കൂടാതെ ഇന്ന് രാവിലെ 9 മണി മുതൽ മാർ ഏലിയാസ് കോളേജിൽ സ്പോട്ട് രജിസ്ട്രേഷനും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോബ് സ്റ്റേഷനുകളുമായി ബന്ധപ്പെടുക.

# രാജസ്ഥാനിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് ഐ.സി.എൽ ഫിൻകോർപ്പ്

**കൊച്ചി:** ഐസിഎൽ ഫിൻകോർപ്പ് രാജസ്ഥാനിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. ജെയ്പൂരിൽ റീജ്യണൽ ഓഫിസും ബ്രാഞ്ചും തുറന്നു. കേന്ദ്ര സഹമന്ത്രി രാംദാസ് അഠാവലെ റീജ്യണൽ ഓഫിസിന്റെയും ബ്രാഞ്ചിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. എൽ.എ.സി.ടി.സി ഗുഡ് വിൽ അംബാസിഡറും ഐ.സി.എൽ ഫിൻകോർപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. കെ.ജി അനിൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രാജസ്ഥാൻ എഡിജിപി ബിജു ജോർജ്ജ് ജോസഫ്, എം.എൽ.എ സ്വാമി ബാൽമുകുന്ദാചാര്യ ജി മഹാരാജ് എന്നിവർ വിശിഷ്ടാതിഥികളും ഐ.സി.എൽ ഫിൻകോർപ്പ് വൈസ് ചെയർമാനും സിഇഒയുമായ ഉമ അനിൽകുമാർ ചടങ്ങിൽ മുഖ്യാതിഥിയുമായിരുന്നു. ഐസിഎൽ ഫിൻകോർപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.രാജശ്രീ അജിത്, ഓപ്പറേഷൻസ് ആന്റ് ഡെലപ്മെന്റ് എജിഎം കെ.പി സതീശൻ തുടങ്ങിയവർ സംസാരിച്ചു. ജെയ്പൂരിലെ വൈശാലി നഗറിലാണ് പുതിയ റീജ്യണൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഐ.സി.എൽ.ഫിൻകോർപ്പിന്റെ രാജസ്ഥാനിലെ പ്രധാന പ്രവർത്തന കേന്ദ്രമായി വൈശാലി നഗറിലെ റീജ്യണൽ ഓഫിസ് മാറുമെന്ന് എൽ.എ.സി.ടി.സി ഗുഡ് വിൽ അംബാസിഡറും ഐ.സി.എൽ ഫിൻകോർപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ.



കെ.ജി അനിൽകുമാർ, സി.ഇ.ഒ ഉമാ അനിൽകുമാർ എന്നിവർ പറഞ്ഞു. വളർന്നു വരുന്ന സാമ്പത്തിക വിപണിയെന്ന നിലയിൽ ജെയ്പൂരിന് വലിയ പ്രാധാന്യമാണ് കമ്പനി നൽകുന്നത്. പുതിയ റീജ്യണൽ ഓഫിസും ശാഖയും പ്രവർത്തനം ആരംഭിക്കുന്നതിലൂടെ രാജസ്ഥാനിലെ ഉപഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും മികച്ച രീതിയിലും സാമ്പത്തിക സേവനങ്ങൾ നൽകാനാകുമെന്നും ഇവർ വ്യക്തമാക്കി. മൂന്നു പതിറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യമുള്ള കമ്പനിക്ക് നിലവിൽ രാജ്യത്തുടനീളം 300 ലേറെ ശാഖകളും രണ്ടായിരത്തിലധിം ജീവനക്കാരും 35 ലക്ഷത്തിലധികം ഉപഭോക്താക്കളുണ്ട്.

# ഇന്ത്യ-ഇയു കരാർ: സുഗന്ധവ്യഞ്ജന കയറ്റുമതി മേഖലയ്ക്ക് ഗുണകരമാകും

**കൊച്ചി:** രാജ്യത്തിന്റെ ആഗോള വ്യാപാര മേഖലയിലെ ചരിത്രപരമായ നാഴികക്കല്ലാണ് ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാരക്കരാറിലൂടെ യാഥാർഥ്യമാകുന്നതെന്ന് സ്പൈസസ് ബോർഡ് ചെയർപേഴ്സൺ അഡ്വ. സംഗീത വിശ്വനാഥൻ. മത്സരാധിഷ്ഠിതവും വിശ്വാസയോഗ്യവുമായ ആഗോള വ്യാപാര പങ്കാളി എന്ന നിലയിൽ രാജ്യത്തിന്റെ സ്ഥാനം കൂടുതൽ ഉറപ്പിക്കാൻ സഹായിക്കുന്നതാണ് കരാർ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ നടത്തിയ നയതന്ത്ര നീക്കങ്ങളുടെ ശ്രമഫലമായാണ് സ്വതന്ത്ര വ്യാപാരക്കരാർ യാഥാർഥ്യമായതെന്നും ഇന്ത്യൻ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി വ്യാപ്തിയും മൂല്യവും ആഗോള പ്രശസ്തിയും ഉയർത്തുന്നതിന് വ്യാപാരക്കരാറിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുമെന്നും അഡ്വ. സംഗീത വിശ്വനാഥൻ അറിയിച്ചു.

സുഗന്ധവ്യഞ്ജന മേഖലയെ സംബന്ധിച്ച് ഉൽപന്ന കയറ്റുമതി വൻതോതിൽ വർധിക്കുമെന്നതാണ് നേട്ടം. ഇന്ത്യൻ സുഗന്ധവ്യഞ്ജനങ്ങളുടെ വലിയ വിപണിയാണ് യൂറോപ്യൻ യൂണിയൻ. വിപണി പ്രവേശനം വർധിക്കുന്നതും നയതന്ത്ര സഹകരണം ഉറപ്പാക്കുന്നതും കയറ്റുമതിയെ പ്രോത്സാഹിപ്പിക്കും. കയറ്റുമതി വ്യാപാരികൾക്ക് ആത്മവിശ്വാസം നൽകുന്നതോടൊപ്പം മൂല്യവർധിത ഉൽപന്നങ്ങളിലെ നിക്ഷേപം, കാർഷിക ചെറുകിട സംരംഭ മേഖലയിലെ ശാക്തീകരണം എന്നിവ ഉറപ്പാക്കുന്നതിനും ഏറെ സഹായിക്കുന്നതാണ് പുതിയ കരാർ.




# ടെയ്റോൺ ആർലൈൻ പ്രാദേശിക അസംബ്ലി ആരംഭിച്ച് വോൾക്സ്വാഗൺ

**കൊച്ചി:** വോൾക്സ്വാഗൺ ഇന്ത്യ തങ്ങളുടെ പ്രീമിയം എസ്യുവിയായ ടെയ്റോൺ ആർലൈന്റെ പ്രാദേശിക അസംബ്ലി ആരംഭിച്ചു. മഹാരാഷ്ട്രയിലെ കമ്പനിയുടെ ഛത്രപതി സംഭാജിനഗർ പ്ലാന്റിലാണ് ഈ മോഡൽ അസംബ്ലി ചെയ്യുന്നത്. 2026ലെ ആദ്യ പാദത്തിൽ ലോഞ്ച് ചെയ്യാനുള്ള പദ്ധതിയോട് ചേർന്നാണ് ഉത്പാദനം ആരംഭിച്ചിരിക്കുന്നത്.

പ്രീമിയം ജർമൻ എഞ്ചിനീയർഡ് വാഹനങ്ങളെ ഇന്ത്യൻ ഉപഭോക്താക്കൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കാനുള്ള വോൾക്സ്വാഗണിന്റെ പ്രതിബദ്ധതയാണ് ഈ നീക്കത്തിലൂടെ വ്യക്തമാകുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഇന്ത്യയിലെ വോൾക്സ്വാഗണിന്റെ ഏറ്റവും പ്രീമിയം എസ്യുവിയായി സ്ഥാനമിടുന്ന ടെയ്റോൺ ആർലൈൻ, യഥാർത്ഥ 7സീറ്റർ സൗകര്യം, ദിനസഹചര്യങ്ങൾക്ക് അനുയോജ്യമായ പ്രായോഗികത, സ്പോർട്ടി ആർലൈൻ ഡിസൈൻ എന്നിവയോടെ പ്രീമിയം എസ്യുവി വിഭാഗത്തിൽ വോൾക്സ്വാഗണിന്റെ സാന്നിധ്യം കൂടുതൽ ശക്തമാക്കുമെന്ന് കമ്പനി വ്യക്തമാക്കി.

